(ബി) നോൺ മെട്രിക്കുലേഷൻ, മെട്രിക്കുലേഷൻ, ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർ, ഡിപ്ലോമക്കാർ ഇവർ ഓരോരുത്തരും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1985 ഓഗസ്റ്റ് 31-ലെ കണക്ക് ലഭ്യമല്ല. 1985 ജൂൺ 30 വരെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 25,44,015 പേരിൽ 11,53,528 പേർ സ്ത്രീകളും 13,90,487 പേർ പുരുഷന്മാരുമാണ്.

(ബി) 1985 ഏപ്രിൽ മുപ്പതുവരെ 11,85,646 നോൺ മെട്രിക്കുലേഷൻകാരും, 49,148 ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാരും, 11,959 ഡിപ്ലോമാകാരുമടക്കം 13,58,369 മെട്രിക്കുലേഷൻകാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ

278 [593] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഉടമയിലുള്ള കമ്പനികളിലും കോർപ്പറേഷനുകളിലും ഉള്ള പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന പരിധിയിൽവരുന്ന ഒഴിവുകളിലേക്കു താൽക്കാലിക ജോലിക്കാരെ നിയമിക്കുമ്പോഴും പി.എസ്.സി.ക്കു വിട്ടുകൊടുത്തിട്ടില്ലാത്ത തൊഴിലാളികളുടെ ഒഴിവുകളിലേക്കു നിയമനം നടത്തുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കുന്ന പതിവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഈ വ്യവസ്ഥ പാലിക്കാത്ത എത്ര കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത കേസുകളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കോഴിക്കോട് പുതിയങ്ങാടിയിലുള്ള കേരള പ്രീമോപ്പെപ്പ് ഫാക്ടറിയിൽനിന്നു എത്ര ഒഴിവുകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്തോളം പൊതുമേഖലാ സ്ഥാപനങ്ങളിലായി 252-ഓളം ഒഴിവുകൾ ടി വ്യവസ്ഥയനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോട്ടിഫൈ ചെയ്യാതെ നേരിട്ടുള്ള നിയമനം നടത്തുന്നതിലേക്കു പത്രപരസ്യങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ചുനടത്തേണ്ട നിയമനങ്ങൾ അപ്രകാരം ചെയ്യേണ്ടതാണെന്നു അറിയിച്ചുകൊണ്ടുള്ളതും ഭാവിയിലുണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി വീക്ഷിക്കുന്നതാണ് എന്നുള്ള മുന്നറിയിപ്പും നൽകിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുള്ള സർക്കുലറുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗദായകർക്കു നൽകിയിട്ടുണ്ട്. അതുപോലെതന്നെ 1959-ലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ആക്ട് അനുസരിച്ച് ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ അറിയിക്കാതിരുന്നതിൻെറ പേരിൽ പ്രോസിക്യൂഷൻ നടപടികളുടെ മുന്നോടിയായി 3 സ്ഥാപനങ്ങളിലെ ഉദ്യോഗദായകർക്കു "കാരണം കാണിക്കൽ നോട്ടീസ്" നൽകിയിട്ടുണ്ട്.

(ഡി) പ്രീമോപൈപ്പ് ഫാക്ടറിയിൽനിന്നും 13 വിഭാഗങ്ങളിലായി 19 വേക്കൻസികൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ നിയമനത്തിനു നടത്തിയ പരീക്ഷ

279 [594] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലേക്കു (KHLWWA) ഗ്രേഡ് 2 അസിസ്റ്റൻറിൻെറ ഒഴിവുകളിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി 23-3-85-ൽ തിരുവനന്തപുരത്തുവെച്ച് ഒരു എഴുത്തുപരീക്ഷ നടത്തിയോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ [illegible] പരീക്ഷ നടത്തിയത്;

(സി) ആകെ എത്രപേർ പരീക്ഷ എഴുതി;

(ഡി) എത്ര ഒഴിവുകളിലേക്കാണു അപേക്ഷ ക്ഷണിച്ചിരുന്നത്;

(ഇ) ഇതിൻെറ റാങ്കുലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയോ;

(എഫ്) എങ്കിൽ എന്നാണ്;

(ജി) ഇത് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവോ;

(എച്ച്) അല്ലെങ്കിൽ ഏതു രീതിയിലാണ് പ്രസിദ്ധപ്പെടുത്തിയതെന്നു വ്യക്തമാക്കുമോ;

(ഐ) ആരെയെങ്കിലും നിയമിച്ചോ;

(ജെ) എങ്കിൽ എത്രപേരെ;

(കെ) അവർ ആരെല്ലാം;

(എൽ) റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയില്ലെങ്കിൽ എത്രയും വേഗം പ്രസിദ്ധപ്പെടുത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലേക്കു ഗ്രേഡ് 2 അസിസ്റ്റൻറിൻെറ ഒഴിവുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി 23-3-85ൽ ഒരു പരീക്ഷ നടത്തിയിരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, എന്നീ കേന്ദ്രങ്ങളിൽവെച്ചായിരുന്നു എഴുത്തുപരീക്ഷ നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly